# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

**വിഷയം;-** വനിതാ ശിശു വികസന വകുപ്പ് ഐ.സി.പി.എസ്. ഓ.ആർ.സി. ജില്ലാതലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായിരിക്കുന്ന ജീവനക്കാരുടെ 2020 മേയ് 29 മുതൽ 2021 ജനുവരി മാസം 31 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം;-**(1) സ.ഉ.(അച്ചടി) നം.29/2021 ധന. തീയതി 11/02/2021

(2) 19.06.2020 ലെ സർക്കാർ ഉത്തരവ് നം.G.O.(Rt)No.241/2020/SJD

(3) 14.02.2021 ലെ സർക്കാർ ഉത്തരവ് നം.151/2021/സാ.നീ.വ

(4) 23.03.2021 ലെ തൃശ്ശൂർ ഡി.സി.പി.ഒ. യുടെ കത്ത് നം.DCPO/TSR/197/2020

(5)01.01.2021ലെ മലപ്പുറം ഡി.സി.പി.ഒ. യുടെ കത്ത് നം. DCPO/MPM/431/2021

(6)03.03.2021 ലെ കണ്ണൂർ ഡി.സി.പി.ഒ. യുടെ കത്ത് നം. DCPU/T/239/2020

## ഉത്തരവ് നമ്പർ ICPS 4(C)/1196 (1) /20 തീയതി : 09.03.2021

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി ജില്ലാ ഓഫീസിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ടിക്കുന്ന പ്രോജക്ട് അസിസ്റ്റന്റുമാർക്ക് പ്രതിമാസം 22,290/- രൂപ നിരക്കിൽ വേതനം വർദ്ധിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം 2020 - 21 സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. പരാമർശം (3) പ്രകാരം ഓ.ആർ.സി. ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ഓ.ആർ.സി. യുടെ ജില്ലാതല പ്രോജക്ട് അസിസ്റ്റന്റുമാർക്ക് 2020 മേയ് മാസം 29 മുതൽ 2021 ജനുവരി മാസം 31 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതായുണ്ട്. സൂചന (4), (5), (6) എന്നിവ പ്രകാരം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഓ.ആർ.സി. യുടെ ജില്ലാതല പ്രോജക്ട് അസിസ്റ്റന്റുമാർക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ ആകെ **1,47,549/- (ഒരു ലക്ഷത്തി നാൽപത്തി ഏഴായിരത്തി അഞ്ഞൂറ്റി നാൽപത്തി ഒൻപത് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ | 50,625/- |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം | 50,870/- |
| 3 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ | 46,054/- |
| | **ആകെ തുക** | **1,47,549/-** |

മേൽപട്ടിക പ്രകാരമുള്ള തുകകൾ ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ആകെ **1,47,549/- ( ഒരു ലക്ഷത്തി നാൽപത്തി ഏഴായിരത്തി അഞ്ഞൂറ്റി നാൽപത്തി ഒൻപത് രൂപ മാത്രം)** ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അതത് ജില്ലകളിലെ ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്മാർക്ക് **കോവിഡ് ഫണ്ട് കുറച്ചുള്ള തുക** ശമ്പള കുടിശ്ശികയായി അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ**
**& മെമ്പർ സെക്രട്ടറി, SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ (തൃശ്ശൂർ,മലപ്പുറം, കണ്ണൂർ)**
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ (തൃശ്ശൂർ,മലപ്പുറം, കണ്ണൂർ)**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. ICPS 4
5. സ്റ്റോക്ക്ഫയൽ

OFFICE OF THE INTEGRATED CHILD PROTE... THIRUVANANTHAPURAM WOMEN & CHILD DEVELOPMENT DEP...

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**